# കേരളസർവകലാശാല

നം.പി.ആർ.204/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### നാലും ആറും സെമസ്റ്റർ ഓൺലൈൻ ക്ലാസ്സുകൾ നവംബർ ആദ്യവാരം

കേരള യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സി.ബി.സി.എസ്സ് യു.ജി പ്രോഗ്രാം നാലും ആറും സെമസ്റ്റർ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതി നവംബർ ആദ്യവാരത്തിലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാ ഫലം

2020 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എഡ്ഡ്. (2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി / ബി.കോം എൽ. എൽ.ബി / ബി.ബി.എ എൽ.എൽ.ബി / ഏപ്രിൽ 2020 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 31 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സ്.സി. കെമിസ്ട്രി മേഴ്സി ചാൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എഡ്ഡ്. (2018 സ്കീം – റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഒക്ടോബർ മാസം 9–ാം തീയതി നടത്തിയ നാലാം സെമസ്റ്റർ ബി.എഡ്ഡ്. ഡിഗ്രി സ്പെഷ്യൽ പരീക്ഷയുടെ (2015 സ്കീം – റഗുലർ & സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ തീയതി

2020 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ വൈവ വോസി ഒക്ടോബർ 30, നവംബർ 2 തീയതികളിൽ യൂണിവേഴ്സിറ്റി ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ്, ഡിസർട്ടേഷൻ എന്നിവയുമായി രാവിലെ 9.30 ന് തന്നെ ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ തീയതി ഓൺലൈൻ രജിസ്ട്രേഷൻ

ബികോം എസ്.ഡി.ഇ 2018 അഡ്മിഷൻ (റഗുലർ), 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് മൂന്നും നാലും സെമസ്റ്റർ പരീക്ഷയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2020 ഒക്ടോബർ 30 വരെ പിഴ ഇല്ലാതെയും, നവംബർ 4 വരെ 150 രൂപ പിഴയോടെയും നവംബർ 6 വരെ 400 രൂപ പിഴയോടെയും ഫീസ് ഒടുക്കി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർവകലാശാല മൂന്നും നാലും സെമസ്റ്റർ ബി.എസ്സ്.സി. കമ്പ്യൂട്ടർ സയൻസ് / ബി.സി.എ. (വിദൂര വിദ്യാഭ്യാസം 2018 അഡ്മിഷൻ – റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി) പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.പിഴ കൂടാതെ 2020 ഒക്ടോബർ 30 വരെയും, നവംബർ 4 വരെ 150 രൂപ പിഴയോടെയും നവംബർ 6 വരെ 400 രൂപ പിഴയോടെയും അപേക്ഷിക്കാം. പരീക്ഷാ ഫീസിനു പുറമെ സി.വി.ക്യാമ്പ് ഫീസായ 250 രൂപയും ആകെ ഫീസിന്റെ 5% തുകയും അധികമായി അടയ്ക്കേണ്ടതാണ്.

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്സ്.സി, എം.കോം (മേഴ്സി ചാൻസ്) ഒക്ടേബർ 2020 പരീക്ഷകൾക്ക് പിഴ കൂടാതെ 2020 ഒക്ടോബർ 30 വരെയും, നവംബർ 4 വരെ 150 രൂപ പിഴയോടെയും നവംബർ 6 വരെ 400 രൂപ പിഴയോടെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുനർമൂല്യനിർണ്ണയ തീയതി

2020 ജൂൺ മാസത്തിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്സ്.സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ (എസ്സ്.ഡി.ഇ. 2017 അഡ്മിഷൻ) പരീക്ഷകളുടെ സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അവസാന തീയതി ഒക്ടോബർ 16 ൽ നിന്നും ഒക്ടോബർ 28 ലേക്ക് പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

# പ്രക്ടിക്കൽ പരീക്ഷാ തീയതി

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിങ് കാര്യവട്ടത്തെ 2016 അഡ്മിഷൻ (2013 സ്കീം) വിദ്യാർത്ഥികളുടെ എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ ഭാഗമായുള്ള ഇല ക്ട്രോണിക്സ് ആന്റ് എൻജിനീയറിങ് വിഭാഗത്തിന്റെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 27 മുതൽ 30 വരെ തീയതികളിൽ പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**20.10.2020**


**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**